പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3240 | 23.03.2015 ൽ മറുപടിയ്ക്ക് |
|---|---|
| ഷീ ടാക്സി | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.എം.ഷാജി<br>,, പി.ബി. അബ്ദുൾ റസാക്<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം.ഉമ്മർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് (ഷീ ടാക്സി ഓടിക്കുന്നവർ) വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ ഷീ ടാക്സി ഓടിക്കുന്ന 45 ഗുണഭോക്താക്കളുണ്ട്. |
| (സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്ക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഷീ ടാക്സി പദ്ധതി നിലവിൽ നടപ്പിലാക്കുന്നത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. അതിനാൽ കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനായും സ്ഥിര വരുമാനം കിട്ടുന്നതിനും ടെക്നോപാർക്ക്, സൈബർ പാർക്ക്, ഇൻഫോപാർക്ക് എന്നിങ്ങനെയുള്ള ഐ.ടി കമ്പനികളിലും ആശുപത്രികൾ, ഓഫീസുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും കൂടുതൽ ഓട്ടങ്ങൾ കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ കമ്പനികളിലെ പരസ്യങ്ങൾ കിട്ടുന്ന മുറയ്ക്ക് ടാക്സിയിൽ പരസ്യം പ്രദർശിപ്പിക്കുകയും ആയതിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ